(Pages : 4) L – 2257

TRIVANDRUM

Reg. No. : .....

Name : .....

Fourth Semester B.A./B.Sc. Degree Examination, May 2021

First Degree Programme under CBCSS

Language Course – Additional Language - Malayalam

ML 1411.1 : ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

(2019 Admission - Regular)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളം ലിപി പ്രത്യക്ഷപ്പെടുന്ന ആദ്യത്തെ അച്ചടിച്ച ഗ്രന്ഥമേത്?

2. സർക്കാർ പരിപാടികളും സേവനങ്ങളും മറ്റും വിദൂരദേശത്തെ കമ്പ്യൂട്ടർ വഴി സാധ്യമാക്കുന്ന പ്രക്രിയ ഏത്?

3. വിവർത്തനം ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതാണു കവിത എന്ന് അഭിപ്രായപ്പെട്ടതാര്?

4. 'ബഹുജനഹിതായ ബഹുജനസുഖായ' എന്ന മുഖവാക്യം ഏതു സ്ഥാപനത്തിന്റേതാണ്?

5. ശരിരൂപം എടുത്തെഴുതുക സൃഷ്ടാവ് - സ്രഷ്ടാവ്

6. തെറ്റുണ്ടെങ്കിൽ തിരുത്തുക

ആ ഓഫീസിൽ ഏകദേശം മുപ്പതോളം ജോലിക്കാരുണ്ട്.

7. വാക്യശുദ്ധി വരുത്തുക - പോലീസുകാരുടെ സഹായത്താൽ കുഴിയിൽ വീണ യുവതിയെ ആശുപത്രിയിലെത്തിച്ചു.

8. പ്രതിഭയെ കാരയിത്രി, ഭാവിയിത്രി എന്നിങ്ങനെ വിഭജിച്ച കാവ്യമീമാംസകനാര്?

P.T.O.

Scanned by Scanner Go

9 ഭാവഗീതത്തോടടുത്തു നില്ക്കുന്ന ഗദ്യസാഹിത്യരൂപമായി ഏം ടി കണക്കാക്കുന്നതെന്ത്?

10 മലയാളശൈലി എന്ന ഗ്രന്ഥം രചിച്ചതാര്?

(10 × 1 = 10 Marks)

II ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക

11 സ്രോതഭാഷ, ലക്ഷ്യഭാഷ എന്നിവ അർത്ഥമാക്കുന്നതെന്ത്?

12. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് എന്നാലെന്ത്?

13 ഭാരതീയസങ്കല്പമനുസരിച്ച് മരാളെ കാവ്യരചനയ്ക്കു പ്രാപ്തമാക്കുന്ന ഘടകങ്ങൾ ഏവ?

14 ലിപ്യന്തരണം (Transliteration) എന്നാലെന്ത്?

15 വേൾഡ് വൈഡ് വെബ് എന്നാലെന്ത്?

16 ശൈലികൾ വിവർത്തനം ചെയ്യുമ്പോൾ സ്വീകാര്യമായ സമീപനമെന്ത്?

17 പ്രതിഭയെ ഭാരതീയ കാവ്യശാസ്ത്രജ്ഞർ നിർവ്വചിക്കുന്നതെങ്ങനെ?

18 താനെഴുതുന്നത് എന്തിനുവേണ്ടിയാണെന്നാണ് ഏം ടി കാഥികന്റെ പണിപ്പുരയിൽ അവകാശപ്പെടുന്നത്?

19 പദാനുപദവിവർത്തനം എന്നാലെന്ത്? ഇത് ആവശ്യമായ സന്ദർഭങ്ങൾ ഏവ?

20 ആന്തരികവിനിമയം (Intrapersonal Communication) എന്നാലെന്ത്?

21 സൈബർ സാഹിത്യം എന്നാലെന്ത്? ഇതിന് ഇ-സാഹിത്യത്തിൽ നിന്നുള്ള വ്യത്യാസമെന്ത്?

22 മൂന്നിലൊന്നായി സംഗ്രഹിക്കുക

മലയാളത്തിലെ ആദ്യ ചലച്ചിത്രം ഏതാണ്? ഈ ചോദ്യത്തിനു ചരിത്രത്താളുകൾ മറിക്കുമ്പോൾ ലഭിക്കുന്ന ഉത്തരം വിഗതകുമാരൻ ഈ ചിത്രത്തിന്റെ പ്രിന്റ് ഇന്ന് എവിടെയും ലഭ്യമല്ല 1928ൽ, പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന അഗസ്തീശ്വരത്ത് ഒരു സമ്പന്നകുടുംബത്തിൽ ജനിച്ച ജെ.സി. ഡാനിയേലാണ് കളരിപ്പയറ്റിനും കുടുംബബന്ധങ്ങൾക്കും പ്രാധാന്യം നല്കി വിഗതകുമാരൻ നിർമ്മിച്ചത്. തന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ ഇത്തരമൊരു സംരംഭത്തിനിറങ്ങിയതുമൂലം മലയാളചലച്ചിത്ര മാധ്യമത്തിലെ ഈ കാരണവർക്ക് സ്വന്തമായുണ്ടായിരുന്ന വിലപിടിപ്പുള്ള കൃഷിഭൂമിയടക്കം സമസ്തവും വില്ക്കേണ്ടിവന്നു മലയാളത്തിലെ ആദ്യ ചലച്ചിത്രത്തിന്റെ ഉടമയെന്ന ഖ്യാതി മാത്രം ബാക്കിയായി.

Scanned by Scanner Go

23. ഡിജിറ്റൽ ഡിവൈഡ് എന്ന പ്രയോഗം അർത്ഥമാക്കുന്നതെന്ത്?

24. വിക്കിപ്പീഡിയ എന്നാലെന്ത്?

25. കഥ സന്മാർഗ്ഗം പഠിപ്പിക്കുന്നതിനെക്കുറിച്ച് എം.ടി.യുടെ വീക്ഷണമെന്ത്?

26. യൂണികോഡിന്റെ പ്രയോജനമെന്ത്?

(8 × 2 = 16 Marks)

III. ഓരോന്നിനും **ഒന്നര**പ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. യുവസുഹൃത്തായ കാഥികനോട് എം.ടി. പങ്കുവയ്ക്കുന്ന എഴുത്തിന്റെ രഹസ്യങ്ങൾ ഏവ?

28. കവിതാവിവർത്തനം നേരിടുന്ന പ്രശ്നങ്ങൾ ഏവ?

29. വാമൊഴി, വരമൊഴി, തിരമൊഴി, എന്നിങ്ങനെ ആശയവിനിമയചരിത്രത്തെ വിഭജിക്കുന്നതിന്റെ യുക്തിയെന്ത്?

30. ആശയവിപുലനം ചെയ്യുക.

ഇന്നലെച്ചെയ്തോരബദ്ധം മൂഢർ-

ക്കിന്നത്തെയാചാരമാവാം

നാളത്തെ ശാസ്ത്രമതാവാം ഇതിൽ

മുള്ളായ് സമ്മതം രാജൻ

31. ബ്ലോഗ് എന്നാലെന്ത്? മലയാളം ബ്ലോഗുകളെ പരിചയപ്പെടുത്തുക.

32. വാർത്ത റിപ്പോർട്ടു ചെയ്യുകയല്ല, നിർമ്മിക്കുകയാണ് സത്യാനന്തരകാലത്തെ മാധ്യമങ്ങൾ. പരിശോധിക്കുക.

33. രാജലക്ഷ്മിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് എം.ടി. പ്രതിപാദിക്കുന്നതെന്തെല്ലാം?

34. ചിഹ്നനം എന്നാലെന്ത്? ഭാഷയിലെ പ്രധാന ചിഹ്നങ്ങളും അവ പ്രയോഗിക്കുന്ന സന്ദർഭങ്ങളും വ്യക്തമാക്കുക.

35. ആശയവിനിമയപ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ഏവ? വിശദമാക്കുക.

36. ഇ-പത്രം അഥവാ ഇ-പേപ്പർ നല്കുന്ന വിനിമയസാധ്യതകൾ പരിശോധിക്കുക.

Scanned by Scanner Go

37 മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.

Electric vehicles are a great way not only to save money, but also to contribute towards a healthy and stable environment. Petrol or diesel driven vehicles produce a lot of carbon emissions that pollute the atmosphere. Electric vehicles, on the other hand, get their power from rechargeable batteries installed inside them. They are entirely charged by the electricity provided, making them cheaper to run than conventional vehicles.

38 ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.

കഴിഞ്ഞ കുറേ നാളുകളായി വീട്ടുപകരണങ്ങളും പക്ഷിമൃഗാദികളും എന്നോടു സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. എനിക്കാണെങ്കിൽ ഇതിനോടൊക്കെ അങ്ങോട്ടും സംസാരിക്കാൻ സാധിക്കുന്നുണ്ട്. ഒറ്റക്കുഴപ്പമേയുള്ളൂ. ഞാൻ അങ്ങോട്ടു സംസാരിക്കുന്നതു മാത്രമാണു പുറത്തു കേൾക്കുക. ഞാൻ ഒറ്റയ്ക്കു വർത്തമാനം പറയുന്നെന്നു മറ്റുള്ളവർ ധരിക്കുന്നതിൽ പിന്നെന്താണു തെറ്റ്?

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39 ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതകളും പരിമിതികളും വിശകലനം ചെയ്യുക.

40 സർഗ്ഗാത്മകരചനകളുടെ വിവർത്തനത്തിൽ പ്രസക്തമായ സമീപനങ്ങൾ ഏവ്? മാതൃകകളെ മുൻനിർത്തി വിശദമാക്കുക.

41 പരിസ്ഥിതിസാക്ഷരതയുടെ പ്രസക്തിയെക്കുറിച്ച് ഉപന്യസിക്കുക.

42 കഥാരചനയുടെ പശ്ചാത്തലചരിത്രത്തെ എം.ടി. നിന്റെ ഓർമ്മയ്ക്ക് എന്ന ചെറുകഥയെ മുൻനിർത്തി വിശദമാക്കുന്നതെങ്ങനെ?

43 മാധ്യമങ്ങൾ മലയാളിയുടെ സംസ്കാരത്തെ നവീകരിച്ചതെങ്ങനെ?

44 സൈബർമലയാളത്തിന്റെ സമകാലികാവസ്ഥയെക്കുറിച്ചു വിവരിക്കുക.

(2 × 15 = 30 Marks)

Scanned by Scanner Go